# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### കേരള റ്റൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :1603 05.12.14- ൽ മറുപടി നൽ കേണ്ടത്.

| | ചോദ്യം<br>ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>ബഹു.നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പമന്ത്രി |
|---|---|---|---|
| (എ) | വികസന അതോറിറ്റികൾ രൂപീകരിക്കാൻ കേരള റ്റൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഉണ്ടെങ്കിൽ വികസന അതോറിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | (ബി) | സർക്കാരിന്,ഏതെങ്കിലുംപ്രദേശത്തിന്റെ ആസൂത്രിത വികസനത്തിനായി കേരള റ്റൗൺ & കൺട്രി പ്ലാനിംഗ് കമ്മീഷനുമായും ചീഫ് ടൗൺ പ്ലാനറുമായും കൂടിയാലോചിച്ച് ഒരു വികസന അതോറിറ്റി രൂപീകരിക്കാവുന്നതാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെയും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെയും വ്യവസ്ഥകൾക്ക വിധേയമായി വികസന അതോറിറ്റിയ്ക്ക് താഴെ പറയുന്ന ചുമതലകൾ ഉണ്ടായിരിക്കുന്നതാണ്:-<br>(i) ഈ ആക്റ്റിൻകീഴിലുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി വികസന അതോറിറ്റി പ്രദേശത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി ഭൂമിയുടെ പുന ക്രമീകരണം ലാൻറ് പൂളിംഗ് അല്ലെങ്കിൽ ലാൻറ് ബാങ്കിംഗ് പദ്ധതികളുടെ തയ്യാറാക്കലും നടപ്പാക്കലും; |

| | | | |
|---|---|---|---|
| | | | (ii) വികസനാവശ്യങ്ങളുടെ കൈമാറ്റം, താമസ്യസൗകര്യ റിസർ വേഷൻ മുതലായ മാർഗ്ഗങ്ങൾ വഴി വികസന അതോറിറ്റി പ്രദേശത്തിനുവേണ്ടിയുള്ള പ്ലാനുകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ആസൂത്രിതവികസനം പ്രോത്സാഹിപ്പിക്കുക;<br>(iii) ആവശ്യം വരികയാണെങ്കിൽ പ്രത്യേക ചുമതല ഏജൻസികൾ സ്ഥാപിക്കുകയും അവരുടെ യഥാക്രമമുള്ള ചുമതലകളെ സംബന്ധിക്കുന്ന കാര്യങ്ങളിൽ അവർക്ക് മാർഗ്ഗനിർ ദ്ദേശം നൽകുകയും അവരെ സഹായിക്കുകയും ചെയ്യുക;<br>(iv) വികസന അതോറിറ്റി പ്രദേശത്തിൽ ഈ ആക്റ്റിൻ കീഴിലുള്ള പ്ലാനുകളുടെ നടപ്പാക്കലിന്റെ ഏകോപനം;<br>(v) മുകളിൽ (i) മുതൽ (iii) വരെ ഇനങ്ങൾക്ക് അനുബന്ധമായോ ആനുഷംഗികമായോ അനന്തരഫലമായോ ഉള്ളതോ അല്ലെങ്കിൽ, അതതു സംഗതിപോലെ, സർക്കാരോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയോ, അതതു സമയം നിർദ്ദേശം നൽകാവുന്ന പ്രകാരമുള്ളതോ ആയ അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക എന്നിവയാണ്. |
| (സി) | കേരള അർബൻ ആർട്ട് കമ്മീഷന്റെ വ്യവസ്ഥ കേരള റ്റൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ ഉൾ പ്പെടുന്നുണ്ടോ എങ്കിൽ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ? | (സി) | ഉൾ പ്പെടുന്നുണ്ട്. സംസ്ഥാനത്തിനകത്തെ നാഗരികവും പാരിസ്ഥിതികവുമായ രൂപരേഖയുടെ സൗന്ദര്യാത്മകമായ ഗുണനിലവാരം സംരക്ഷിക്കുക, വികസിപ്പിക്കുക, നിലനിർത്തുക |

| | | | |
|---|---|---|---|
| | | | എന്നിവയാണ് കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |

സെക്ഷൻ ഓഫീസർ